# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

2017
സെപ്റ്റംബർ
വാല്യം 10 | ലക്കം 9
Annual Subscription ₹ 60.00



## വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ
## സെപ്റ്റംബർ 14

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

**SEPTEMBER 2017**
**Vol.10 • No.9**
REGISTERED NEWSPAPER
Reg.No. KERMAL/2008/24745

Editorial Board

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Rev.Fr. George John Marymangalam**
Mob: 9446382249

*Associate Editors*
**Fr. Xavier Cherunellady**
**Adv. Henry John**

*Managing Editor*
**Fr. Joseph Cherukakramcheril**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Msgr. Jose Navez** M.A. Ph.D.
**Fr. Tom Jose** B.A., B.Th.
**Sri. Albert John**

*Circulation Manager*
**Fr. Xavier Cherunellady**
Mob: 9946511172
Ph: 0481-2456055



## താളുകൾ മറിക്കുമ്പോൾ...

4 എഡിറ്റോറിയൽ:
**കുരിശിന്റെ പുകഴ്ച്ചയുടെ തിരുനാൾ – സെപ്റ്റംബർ 14**

5 രൂപതാ കാര്യാലയത്തിൽ നിന്ന്:
TRANSFERS & APPOINTMENTS
**CATHEDRATICUM RECEIVED** (തുടർച്ച)
കുടിൽരഹിത രൂപത സംഭാവനകൾ (തുടർച്ച)

7 **മിഷൻ കോൺഗ്രസ്സും ബി.സി.സി. കൺവെൻഷനും ഫാത്തിമ പ്രത്യക്ഷീകരണത്തിന്റെ ശതാബ്ദി ആഘോഷവും** (സർക്കുലർ)

11 **സമർപ്പിത സംഗമം**

12 മിഷൻ കോൺഗ്രസ്സും ബി.സി.സി. കൺവൻഷനും

13 **മിഷൻ കോൺഗ്രസ് രൂപതാ പ്രതിനിധി സംഗമം**

14 കരിയർ ഗൈഡൻസ് ആൻഡ് ജോബ് റിക്രൂട്ട്മെന്റ് പ്രോഗ്രാം

15 വൈദികരുടെ ത്രൈമാസ സമ്മേളനം

16 ഇടവക വാർത്തകൾ

20 മതബോധനരംഗം

24 സംഘടനാ വർത്തകൾ

29 അലിവുള്ള അമ്മ (ഗാനം)

30 വി.എസ്.എസ്.എസ്. വാർത്തകൾ

34 അഭിവന്ദ്യ പിതാവിന്റെ സെപ്റ്റംബർ മാസ പരിപാടികൾ

Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at Good Shepherd Press, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.

vijayapuradhuthu@gmail.com

EDITORIAL

# കുരിശിന്റെ പുകഴ്ച്ചയുടെ തിരുന്നാൾ – സെപ്റ്റംബർ 14

മനസാക്ഷിയെ വേദനിപ്പിക്കുന്ന ഒരു വാർത്ത പത്രമാധ്യമങ്ങളിൽ നിറഞ്ഞ് നിന്നിരുന്നു, വിദേശത്തായിരുന്ന മകൻ മടങ്ങിയെത്തിയപ്പോഴേക്കും അമ്മയുടെ മൃതദേഹം അഴുകി എല്ലുകൾ മാത്രം അവശേഷിച്ചെന്ന് ആദ്ധ്യാത്മിക പാരമ്പര്യത്തിന്റെ പേരിൽ അഭിമാനിക്കുന്ന ദേശത്തിന്റെ ഏറ്റവും ദയനീയമായ മുഖം. ഒരുപക്ഷേ ബന്ധങ്ങൾ നഷ്ടമായതുകൊണ്ടാവാം ഇത്തരം വാർത്തകൾ നാം ശ്രവിക്കേണ്ടി വന്നത്. ബന്ധങ്ങളുടെ കഥ പറയേണ്ടവനാണ് മനുഷ്യൻ. അവന്റ ശരീരപ്രകൃതി പോലും ദൈവം അത്തരത്തിലാണ് ക്രമപ്പെടുത്തിയിരിക്കുന്നത്. ശിരസ് സ്വർഗ്ഗത്തിലേക്കും കരങ്ങൾ സഹോദരങ്ങളിലേക്കും പാദങ്ങൾ ഈ ഭൂമിയുമായി ബന്ധപ്പെട്ടിരിക്കണം. കരം വിരിച്ചു പിടിച്ചാൽ മനുഷ്യന് കുരിശ് രൂപമാണ്. ദൈവം സ്വന്തം ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചത് (ഉൽപ്പത്തി 1:26) ബന്ധങ്ങളുടെ കഥ പറയുവാൻ വേണ്ടിയാണ്. ബന്ധങ്ങളുടെ ആകെത്തുകയായിരുന്നു ക്രിസ്തുവിന്റെ ജീവിതം. അവന് സ്വർഗ്ഗത്തോട് ബന്ധം ഉണ്ടായിരുന്നു. “അതിരാവിലെ ഉണർന്ന് അവൻ വിജനതയിൽ പ്രാർത്ഥിച്ചു” (മർക്കോസ് 1:35) ക്രിസ്തുവിന് സഹോദരങ്ങളോട് ബന്ധം ഉണ്ടായിരുന്നു. അവൻ സ്പർശിച്ചപ്പോൾ കുഷ്ഠരോഗി സൗഖ്യം പ്രാപിച്ചു. (മർക്കോസ് 1:40–42) ക്രിസ്തുവിന് പ്രകൃതിയോട് ബന്ധം ഉണ്ടായിരുന്നു. ക്രിസ്തു പ്രാധാന്യം നൽകുന്ന കടുകുമണിയുടെയും വിത്തിന്റെയും ഉപമയൊക്കെ ആ ബന്ധമാണ് സൂചിപ്പിക്കുന്നത്. അതിലുപരി കാൽവരിയിൽ ക്രിസ്തു സ്വർഗ്ഗവും ഭൂമിയും തമ്മിൽ തന്റെ കുരിശിലൂടെ ഒരു പാലം പണിയുകയാണ്. നഷ്ടമായ സ്വർഗ്ഗഭൂമി ബന്ധം പുനസ്ഥാപിക്കുന്ന കുരിശിലൂടെ സ്വർഗ്ഗത്തോട് ബന്ധപ്പെട്ടു നിൽക്കുവാൻ ദൈവം ഒരുക്കുന്ന ഏറ്റവും സുന്ദരമായ മാർഗ്ഗമാണ് കുരിശ്. ജീവിത ദുഃഖങ്ങളും സഹനങ്ങളും ഉണ്ടാകുമ്പോൾ ദൈവത്തോട് നാം കൂടുതൽ ചേർന്ന് നിൽക്കും. ജീവിതയാത്രയിൽ തളർന്ന് പോകുമ്പോൾ പിടിച്ച് നിൽക്കുവാൻ സ്വർഗ്ഗം നൽകിയ സമ്മാനമാണ് കുരിശിന്റെ വിരിച്ചുപിടിച്ച കരങ്ങൾ... പൗലോസ് ശ്ലീഹായുടെ വാക്കുകളിൽ ദൈവത്തിന്റെ ശക്തി തന്നെയാണ് കുരിശ് (1 കൊറിന്തോസ് 1:18). കുരിശിന്റെ പുകഴ്ച്ചയുടെ തിരുനാൾ നമ്മെ ഓർമ്മപ്പെടുത്തുന്നത് തിരക്ക് പിടിച്ച ലോകത്തിൽ ബന്ധങ്ങൾ അന്യമാകുന്നിടത്ത് കുരിശിന്റെ നാഥനോട് യാചിക്കാൻ, ക്രിസ്തുവിനെപോലെ പ്രകൃതിയോടും സ്വർഗ്ഗത്തോടും സഹോദരങ്ങളോടും ബന്ധമുള്ളവരാകാൻ. കൂടാതെ ക്രിസ്തുവിന്റെ കുരിശിലൂടെ സ്വർഗ്ഗം ഭൂമിയോട് ബന്ധം സ്ഥാപിച്ചതുപോലെ നമ്മുടെ സഹനങ്ങളൊക്കെ മറ്റുള്ളവർക്ക് സ്വർഗ്ഗം സമ്മാനിക്കാൻ, പ്രാർത്ഥിക്കാം.

■

# രൂപതാ കാര്യാലയത്തിൽ നിന്ന്

## TRANSFERS & APPOINTMENTS

1. Rev.Fr. Varghese Kottakkattu, Spiritual, Director of Savio Minor seminary (additional responsibility)
2. Rev. Fr. Thomas Pazhuvakkattil and Rev. Fr. Joseph Tharayil, Assistant Directors of DCMS of the Diocese.

## CATHEDRATICUM RECEIVED (തുടർച്ച)

**2016-17**

| | |
|---|---|
| St. Antony's Church, Thalayar | 3500.00 |
| Mount Carmel Church, Perumpetty | 2000.00 |
| Loudes Church, Kumily | 50000.00 |
| St. Sebastian's Church, Chathanthara | 6000.00 |
| St. Teresa's Church, Pakkil | 40000.00 |
| Infant Jesus Church, Elappara | 14700.00 |

**2015-16**

| | |
|---|---|
| St. Joseph's Church, Poovam | 25700.00 |
| St. Joseph's Church, Poovam (Agl Share) | 43000.00 |

## കുടിൽരഹിത രൂപത സംഭാവനകൾ (തുടർച്ച)

| | | |
|---|---|---|
| 63. | Holy Family Church, Idukki | Rs.10000.00 |
| 64. | Fr. Lawrance Budha | Rs.10000.00 |
| 65. | Fr. Simon U.S.A | Rs.7000.00 |

## രൂപതാ ആലോചന സമിതിയിലേക്കും സാമ്പത്തിക സമിതിയിലേക്കും പുതിയതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ

### ആലോചന സമിതി

1. മോൺ. ജസ്റ്റിൻ മഠത്തിപറമ്പിൽ
2. മോൺ. സെബാസ്റ്റ്യൻ പൂവത്തുങ്കൽ
3. മോൺ. ജോസ് നവസ്
4. വെരി. റവ.ഫാ. ആന്റണി കനകമംഗലം
5. വെരി. റവ.ഫാ. വിൻസെന്റ് പാറമേൽ
6. റവ.ഫാ. സേവ്യർ ചെറുനെല്ലാടി
7. റവ.ഫാ. ജോർജ് ചക്കുങ്കൽ
8. റവ.ഫാ. ജോസ് മാനുവേൽ കൈതക്കുഴി
9. റവ.ഫാ. ആൽബർട്ട് മാത്യു കുമ്പളോലിൽ

### സാമ്പത്തിക സമിതി

1. മോൺ. ജസ്റ്റിൻ മഠത്തിപറമ്പിൽ
2. വെരി. റവ.ഫാ. ജോർജ് ജോൺ മേരിമംഗലം
3. വെരി. റവ.ഫാ. ജോസഫ് കാനപ്പിള്ളി
4. റവ.ഫാ. ജോസഫ് ചെറുകാക്രാംചേരിൽ
5. വെരി. റവ. ഫാ. ഫ്രാൻസിസ് നെടുംപറമ്പിൽ
6. റവ.ഫാ. ജോസഫ് നെൽസൺ അവരവിള
7. ശ്രീ. കെ.പി. ജോസഫ്
8. ശ്രീ. ഷിബു ജോസഫ്.




സെപ്റ്റംബർ

## ജന്മദിനാശംസകൾ

04 Fr. Mathew Vattamakkil

09 Fr. Francis Kambolathu

11 Fr. Vincent Paramel

18 Fr. Antony Raj Kannisery

29 Fr. Hilary Joseph Thekkekkuttu

30 Fr. Dennis Kannamalil

Diocese of Vijayapuram

CIRCULAR LETTER

VOL. XII • NO. 02• 2017 • AUGUST 2017

# മിഷൻ കോൺഗ്രസ്സും ബി.സി.സി. കൺവെൻഷനും ഫാത്തിമ പ്രത്യക്ഷീകരണത്തിന്റെ ശതാബ്ദി ആഘോഷവും

വന്ദ്യ വൈദികരേ, ബഹു. സന്യസ്തരേ, യേശുവിൽ പ്രിയ മക്കളേ,

സഭ സ്വഭാവത്താലെ പ്രേഷിതയാണ്. കാരണം ക്രിസ്തുനാഥന്റെ മൗതിക ശരീരമായ സഭയുടെ ദൗത്യം ക്രിസ്തുനാഥന്റെ ദൗത്യം തന്നെയാണ് – സ്നേഹത്തിന്റെ സന്ദേശം ലോകത്തിനു നല്കുക. ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ കൂട്ടായ്മയാണ് സഭ. ജ്ഞാനസ്നാനത്തിലൂടെ ഓരോ ക്രിസ്ത്യാനിയും ക്രിസ്തുവിന്റെ പ്രേഷിത ദൗത്യത്തിനായി പ്രത്യേകം വിളിക്കപ്പെടുന്നു. ലോകത്തിന്റെ പ്രകാശവും ഭൂമിയുടെ ഉപ്പുമായ യേശുക്രിസ്തുവിനെ പോലെ ഓരോ ക്രിസ്ത്യാനിയും ലോകത്തിനു പ്രകാശമായി മാറണം, ഉപ്പായിത്തീരണം. യേശു ശിഷ്യർക്ക് ഈ സത്യം ബോദ്ധ്യമാകുന്നത് പെന്തക്കോസ്താ അനുഭവത്തിലൂടെയാണ്. കേരള ലത്തീൻ സഭയുടെ അവിസ്മരണീയ ചരിത്ര മുഹൂർത്തമായ ബി.സി.സി. കൺവൻഷനും മിഷൻ കോൺഗ്രസ്സും നടത്തുവാൻ കെ.ആർ.എൽ.സി.സി. തീരുമാനിച്ചപ്പോൾ ലക്ഷ്യം വച്ചത് കേരള സഭയിൽ ഒരു പുത്തൻ പെന്തക്കോസ്താ സംഭവിക്കണമെന്നാണ്. അതിനായി മൂന്നു വർഷത്തെ ഒരുക്കമാണ് ക്രമീകരിച്ചത്. അതിന്റെ പരിസമാപ്തി കുറിക്കുന്നത് വരുന്ന ഒക്ടോബർ മാസം 6,7,8 തീയതികളിൽ വല്ലാർപാടത്തു പരിശുദ്ധ അമ്മയുടെ തിരുസന്നിധേയാണെന്ന് ഇതിനോടകം നാം മനസിലാക്കിയിട്ടുണ്ടല്ലോ. നമ്മുടെ രൂപതയിൽ നിന്നും 393 അംഗങ്ങളാണ് പ്രതിനിധികളായി പങ്കെടുക്കുന്നത്. ഏകദേശം നാലായിരത്തോളം പ്രതിനിധികൾ നമ്മുടെ 12 രൂപതകളിൽ നിന്നുമായി സംഗമത്തിൽ പങ്കെടുക്കും. അവരുടെ താമസ സൗകര്യങ്ങൾ വരാപ്പുഴ, കൊച്ചി, കോട്ടപ്പുറം, ആലപ്പുഴ രൂപതകളിലുള്ള ഭവനങ്ങളിലാണ് ക്രമീകരിച്ചിരിക്കുന്നത്. പ്രത്യേക പരിപാടികൾ 22 വിവിധ കേന്ദ്രങ്ങളിൽ വച്ചു നടത്തപ്പെടുന്നു. സഭയിലാകമാനം ഒരു പെന്തക്കോസ്താനുഭവം സംജാതമാകണമെങ്കിൽ നാം ഓരോരുത്തരും ദാഹത്തോടെ, ഉണർവ്വോടെ, പ്രത്യാശയോടെ പ്രാർത്ഥനയിൽ ഒരുങ്ങണം. നാമോരുരുത്തരേയും നമ്മുടെ ഭവനങ്ങളെയും വല്ലാർപാടത്തമ്മയുടെ വിമലഹൃദയത്തിൽ പ്രതിഷ്ഠിക്കുന്നതോടെയാണ് മിഷൻ കോൺഗ്രസിന്റെ ആഘോഷങ്ങൾ പൂർത്തീകരിക്കപ്പെടുന്നത്. ഇതിന്റെ ഭാഗമായി പരിശുദ്ധ അമ്മയുടെ സവിശേഷമായ മാദ്ധ്യസ്ഥം തേടുന്നതിനായി 33 ദിവസത്തെ പ്രത്യേക ധ്യാനം ക്രമീകരിച്ചിട്ടുണ്ട്. മിഷൻ കോൺഗ്രസ് ആരംഭിക്കുന്ന ഒക്ടോബർ 6-ാം തീയതിക്കു മുമ്പായി സമാപിക്കത്തക്കവിധമാണ് ഈ ധ്യാനം നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ

നമ്മുടെ രൂപതയിൽ ഓഗസ്റ്റ് 29-ാം തീയതി ഈ ധ്യാനം ആരംഭിക്കുകയും സെപ്റ്റംബർ 30-ാം തീയതി സമാപിപ്പിക്കുകയും ചെയ്യാവുന്നതാണ്. അതിനടുത്ത ദിവസമായ ഒക്ടോബർ 1-ാം തീയതി ഞായറാഴ്ച, ഇടവക മുഴുവനെയും പരിശുദ്ധ അമ്മയുടെ വിമലഹൃദയത്തിൽ പ്രതിഷ്ഠിച്ചുകൊണ്ട് മിഷൻകോൺഗ്രസിന്റെ വിജയത്തിനായുള്ള പ്രത്യേക പ്രാർത്ഥന നടത്തേണ്ടതുമാണ്. നമ്മുടെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും പ്രസ്തുത ധ്യാനം നടത്തണമെന്ന് താൽപര്യപ്പെടുന്നു. 33 ദിവസവും ഉപയോഗിക്കുവാനുള്ള പ്രാർത്ഥനകൾ അടങ്ങിയ "സ്വർഗ്ഗീയ പ്രഭാതത്തിലേക്ക് 33 ദിവസങ്ങൾ" എന്ന പേരിലുള്ള പുസ്തകം കൂരിയായിൽ ലഭ്യമാണ്. ബഹുമാനപ്പെട്ട വൈദികരും, സന്യസ്തരും, അൽമായ നേതാക്കളും ഇതിന് ആവശ്യമായ നേതൃത്വം നൽകുവാൻ പരിശ്രമിക്കണം.

ഒക്ടോബർ 8-ാം തീയതി വല്ലാർപാടത്തുവച്ചു നടത്തുന്ന സമാപന കൃതജ്ഞതാബലിയിൽ തിരഞ്ഞെടുക്കപ്പെട്ടവരെ കൂടാതെ നമ്മുടെ എല്ലാ വൈദികരും സന്യസ്തരും കഴിയുന്നത്ര ഇടവക മക്കളും പങ്കെടുക്കേണ്ടതാണ് എന്നും അറിയിക്കുന്നു. ബഹു. വികാരിയച്ചന്മാരും സന്യസ്തശ്രേഷ്ഠരും വേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

ഈ മിഷൻ കോൺഗ്രസ്സോടെ നമ്മുടെ പ്രേഷിത പ്രവർത്തനം പൂർത്തിയാവുകയല്ല, യഥാർത്ഥ പ്രേഷിതരായി ഒരു പുതുജീവിതം ആരംഭിക്കുകയാണ്, ലോകത്തിനു പ്രകാശമായി, ഉപ്പായി. അതിനായി പരിശുദ്ധാത്മാവിൽ നിറയണം, അഭിഷിക്തരാവണം.

**മാതാവ് ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ടതിന്റെ ശതാബ്ദി ആഘോഷവും പരി. വിമലഗിരി മാതാവിന്റെ പ്രതിഷ്ഠാപന പ്രയാണവും.**

നമ്മുടെ രൂപതയുടെ സ്വർഗ്ഗീയമദ്ധ്യസ്ഥ പ. ദൈവമാതാവാണെന്ന് ഏവർക്കും അറിയാമല്ലോ. ആയതിനാലാണല്ലോ നമ്മുടെ ഭദ്രാസനദേവാലയം അമലോത്ഭവ മാതാവിന് പ്രതിഷ്ഠിച്ചിരിക്കുന്നത്. മാതാവ് ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ടതിന്റെ ശതാബ്ദി നമ്മുടെ രൂപതയിലും സമുചിതമായി കൊണ്ടാടണമെന്ന് വൈദികസെനറ്റും അല്മായ-സന്യസ്ത നേതാക്കളും ആഗ്രഹിക്കുകയുണ്ടായി. ഈ ആഘോഷങ്ങളുടെ ഭാഗമായി പരിശുദ്ധ വിമലഗിരി മാതാവിന്റെ തിരുസ്വരൂപം നമ്മുടെ രൂപതയിലെ 84 ഇടവകകളിലും സാഘോഷം കൊണ്ടുവരണമെന്ന പൊതു അഭിപ്രായത്തെ ഞാൻ അംഗീകരിക്കുകയും ആശീർവദിക്കുകയും ചെയ്തു. സെപ്റ്റംബർ മാസം 8-ാം തീയതി പരിശുദ്ധ ദൈവമാതാവിന്റെ ജനനതിരുന്നാളിനോടനുബന്ധിച്ച് നമ്മുടെ ഭദ്രാസന ദൈവാലയത്തിൽ നിന്നും ആരംഭിക്കുന്ന തിരുസ്വരൂപ പ്രയാണം വിമലഗിരി കത്തീഡ്രലിലെ പ്രധാനതിരുനാൾ ആരംഭിക്കുന്ന സുദിനമായ നവംബർ 29ന് മടങ്ങിയെത്തുംവിധം ക്രമീകരിക്കുകയാണ്. ഈ തിരുസ്വരൂപ പ്രയാണം വെറും ഉപരിപ്ലവമായ ബാഹ്യാഘോഷമായി പരിണമിക്കാതെ, ഇടവക സമൂഹത്തിന്റെയും, കുടുംബങ്ങളുടെയും, ആത്മീയ ഉണർവിനും വിശുദ്ധീകരണത്തിനും ഉപയുക്തമാകട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. പരിശുദ്ധ അമ്മയുടെ തിരുസ്വരൂപം ഇടവകയിൽ എത്തുന്നതിനോടനുബന്ധിച്ച് നമ്മുടെ ഓരോ ഭവനവും മാതാവിന്റെ വിമലഹൃദയത്തിന് പ്രതിഷ്ഠിക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുക. നമ്മുടെ എല്ലാ

ഇടവക മക്കളും സന്യസ്തരും അമ്മയെ ഉചിതമായി സ്വീകരിക്കുവാൻ പ്രാർത്ഥിച്ച് ഒരുങ്ങേണ്ടതാണ്.

നിങ്ങളെ ഏവരെയും പരി. കന്യകാമാതാവിന്റെ സംരക്ഷണയിൽ ഒരിക്കൽക്കൂടി സമർപ്പിച്ചുകൊണ്ട്, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആശീർവ്വദിച്ചുകൊള്ളുന്നു.

**✝ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ**

*വിജയപുരം മെത്രാൻ*

*NB: : ഈ സർക്കുലർ നമ്മുടെ എല്ലാ ദൈവാലയങ്ങളിലും ആഗസ്റ്റ് 27-ാം തീയതി ഞായറാഴ്ച ദിവ്യബലിമദ്ധ്യേ വായിക്കേണ്ടതാണ്.*

# തിരുസ്വരൂപ പ്രയാണ ദിനങ്ങൾ

| Parish | Date | Parish | Date |
|---|---|---|---|
| Vadavathoor | 8/9/2017 Friday | Soorianelly | 19/10/2017 Thursday |
| Manarkadu | 9/9/2017 Saturday | Bielravu | 20/10/2017 Friday |
| Amayannoor | 10/9/2017 Sunday (am) | Santhanpara | 21/10/2017 Saturday |
| Thiruvanchoor | 10/9/2017 Sunday (pm) | Nedumkandam- Kallar | 22/10/2017 Sunday |
| Nattacherry | 11/9/2017 Monday | Kattappana | 23/10/2017 Monday |
| Pullarikunnu | 12/9/2017 Tuesday | Chappath | 24/10/2017 Tuesday |
| Kunnumbhagam | 13/9/2017 Wednesday | Viswanathapuram | 25/10/2017 Wednesday |
| Thellakam | 14/9/2017 Thursday | Kumaly | 26/10/2017 Thursday |
| Kurumulloor | 15/9/2017 Friday | Vandiperiyar | 27/10/2017 Friday |
| Maduravely | 16/9/2017 Saturday | Aranakal | 28/10/2017 Saturday |
| Pattithanam | 17/9/2017 Sunday | Pambanar | 29/10/2017 Sunday |
| Vetttimukal | 18/9/2017 Monday | Kuttikanam | 30/10/2017 Monday |
| Pala | 19/9/2017 Tuesday | Elappara | 31/10/2017 Tuesday |
| Andoor | 20/9/2017 Wednesday | Cheenthalar | 01/11/2017 Wednesday |
| Elackad | 21/9/2017 Thursday | Vagamon | 02/11/2017 Thursday |
| Mannakanad | 22/9/2017 Friday | Yendayar | 03/11/2017 Friday |
| Kattampack | 23/9/2017 Saturday | Mundakayam | 04/11/2017 Saturday |
| Peruva | 24/9/2017 Sunday | Erumely | 05/11/2017 Sunday (am) |
| Pothy | 25/9/2017 Monday | Chathanthara | 05/11/2017Sunday (pm) |
| Muvattupuzha | 26/9/2017 Tuesday | Vechoochira | 06/11/2017 Monday |
| Nedungapra | 27/9/2017 Wednesday | Podimattom | 07/11/2017 Tuesday |

*ശേഷം പേജ് 10*

| | | | |
|---|---|---|---|
| Perumbavoor | 28/9/2017 Thursday | Elikulam | 08/11/2017 Wednesday |
| Kozhipally | 29/9/2017 Friday | Vazhoor | 09/11/2017 Thursday |
| Thodupuzha | 30/9/2017 Saturday | Kanjirappara | 10/11/2017 Friday |
| Velliyamattom | 01/10/2017 Sunday | Edomon | 11/11/2017 Saturday |
| Kavalangad | 02/10/2017 Monday | Ranny | 12/11/2017 Sunday |
| Idukki | 03/10/2017 Tuesday | Perumpetty | 13/11/2017 Monday |
| Thopramkudy | 04/10/2017 Wednesday | Madathumbhagam | 14/11/2017 Tuesday |
| Adimaly | 05/10/2017 Thursday | Maramon | 15/11/2017 Wednesday |
| Kallar | 06/10/2017 Friday | Kunnamthanam | 16/11/2017 Thursday |
| Chithirapuram | 07/10/2017 Saturday | Thiruvalla | 17/11/2017 Friday |
| Pallivasal | 08/10/2017 Sunday | Vanavathukkara | 18/11/2017 Saturday |
| Thalayar | 09/10/2017 Monday | Vaisyambhagam | 19/11/2017 Sunday |
| Marayoor | 10/10/2017 Tuesday | Nedumudy | 20/11/2017 Monday |
| Dinducombu | 11/10/2017 Wednesday | Poovam | 21/11/2017 Tuesday |
| Pius Nagar | 12/10/2017 Thursday | Changanassery | 22/11/2017 Wednesday |
| Kanthaloor | 13/10/2017 Friday | Kurichy | 23/11/2017 Thursday |
| Yellapetty | 14/10/2017 Saturday | Pakkil | 24/11/2017 Friday |
| Guderle | 15/10/2017 Sunday | Chengalam | 25/11/2017 Saturday |
| Munnar | 16/ 10/2017 Monday | Kumarakam | 26/11/2017 Sunday |
| Devikulam | 17/10/2017 Tuesday | Veloor | 27/11/2017 Monday |
| Chinnakanal | 18/10/2017 Wednesday | Kottayam | 28/11/2017 Tuesday |

## പരേതരെ സ്മരിക്കാം – സെപ്റ്റംബർ

01 (1993) Fr. Daniel Thattarassery
05 (2011) Bishop Peter Thuruthikonam
13 (1997) Fr. Benedict OCD
16 (1979) Fr. Paul Koikarenparambil
17 (1949) Fr. Carmel OCD
17 (1984) Fr. Fabian OCD
20 (1987) Fr. Lawrence Puthumana
22 (2008) Fr. George Parayil

# സമർപ്പിത സംഗമം –2017



വിമലഗിരി പാസ്റ്ററൽ സെന്ററിൽ വിജയപുരം രൂപതാ സമർപ്പിത സംഗമം ബിഷപ്പ് ഡോ. സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ ഉദ്ഘാടനം ചെയ്യുന്നു. വികാരി ജനറാൾ മോൺ. ജസ്റ്റിൻ മഠത്തിൽപ്പറമ്പിൽ, എപ്പിസ്ക്കോപ്പൽ വികാരി മോൺ. സെബാസ്റ്റ്യൻ പൂവത്തുങ്കൽ, വെരി റവ. ഫാ. ബേസിൽ പാദുവാ ഒസിഡി എന്നിവർ സമീപം.

**കെ**.ആർ.എൽ.സി.സി.യുടെ ആഭിമുഖ്യത്തിൽ 2017 ഒക്ടോബർ 6 മുതൽ 8 വരെ വല്ലാർപാടത്തുവച്ചു നടത്തുന്ന ചരിത്ര പ്രാധാന്യമുള്ള "മിഷൻ കോൺഗ്രസ്സ് - ബി.സി.സി. കൺവെൻഷന്" ഒരുക്കമായി, കേരള ലത്തീൻ സഭ ആഗസ്റ്റ് മാസം സമർപ്പിതാനുഭവമാസമായി ആചരിച്ചു. ഇതിന്റെ ഭാഗമായി ആഗസ്റ്റ് 6 ഞായറാഴ്ച നമ്മുടെ രൂപതയുടെ നേതൃത്വത്തിൽ "രൂപതാ സമർപ്പിത സംഗമം 2017" വിമലഗിരി പാസ്റ്ററൽ സെന്ററിൽ നടത്തി. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവ് സംഗമം ഉദ്ഘാടനം ചെയ്തു. സഭയുടെ വിവിധ ശുശ്രൂഷകളിലും അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുടെ പ്രവർത്തനങ്ങളിലും പ്രേഷിത ചൈതന്യത്തോടെ പങ്കെടുത്തുകൊണ്ട് മിഷൻ കോൺഗ്രസ്സിന്റെയും ബി.സി.സി കൺവെൻഷന്റെയും ഉദ്ദേശ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുവാൻ സന്യസ്തർ പ്രയത്നിക്കണമെന്ന് ബിഷപ്പ് ഉദ്ബോധിപ്പിച്ചു. രൂപതയിൽ പ്രവർത്തിക്കുന്ന 39 സന്യാസ സമൂഹങ്ങളിലെ 88 ഭവനങ്ങളിലെ സുപ്പീരിയേഴ്സും ഹോം മിഷൻ സാരഥികളും സംഗമത്തിൽ പങ്കെടുത്തു. മിഷന് കോൺഗ്രസ്സും ബി.സി.സി. കൺവെൻഷനും വിജയപ്രദമാക്കാനുള്ള രൂപരേഖ സമ്മേളനം ചർച്ച ചെയ്തു. രൂപതയിൽ ഇദംപ്രഥമായി നടത്തപ്പെട്ട ഒന്നാംഘട്ട ഹോം മിഷൻ ശുശ്രൂഷയുടെ റിപ്പോർട്ടും യോഗത്തിൽ അവതരിപ്പിക്കപ്പെട്ടു. വികാരി ജനറാൾ മോൺ. ജസ്റ്റിൻ മഠത്തിൽപ്പറമ്പിൽ, എപ്പിസ്ക്കോപ്പൽ വികാരി മോൺ. സെബാസ്റ്റ്യൻ പൂവത്തുങ്കൽ, വെരി.റവ. ഫാ. ബേസിൽ പാദുവ ഒ.സി.ഡി., റവ. സി. ജനിൻ സി.എസ്.എസ്.റ്റി., റവ.സി. വൽസമ്മ എസ്.ജെ.ബി., റവ.സി. ലിറ്റി ഡി.ഐ.എച്ച്. തുടങ്ങിയവർ പ്രസംഗിച്ചു.

# മിഷൻ കോൺഗ്രസ്സും ബി.സി.സി. കൺവെൻഷനും

**സെപ്റ്റംബർ –**
**വൈദിക ആത്മാഭിഷേകമാസം**

ലക്ഷ്യം– പരിശുദ്ധാത്മാവിന്റെ ചൈതന്യത്താൽ നിറഞ്ഞ് ബിസിസി യൂണിറ്റുകളും അതിലൂടെ ലത്തീൻ സഭയും നവീകരിക്കപ്പെടുക.

**ഇടവകകളിൽ**

പരിശുദ്ധാത്മാവിന്റെ പ്രവർത്തനം സഭയിലെങ്ങും സജീവമാകുവാൻ പരിശുദ്ധാത്മാവിന്റെ നാമത്തിലുള്ള മദ്ധ്യസ്ഥ പ്രാർത്ഥനകൾ നടത്തുക.

പരിശുദ്ധാത്മാവിന്റെ വരദാന ഫലങ്ങളെക്കുറിച്ച് വിവിധ ഗ്രൂപ്പുകൾക്ക് പഠന സെമിനാറുകൾ സംഘടിപ്പിക്കുക.

ഇടവക വികാരിയെയും ഇടവകയിൽ നിന്നുള്ള വൈദികരെയും ഒരു പ്രത്യേക ദിവസം ആദരിക്കുക.

ഇടവകയിൽ നിന്ന് മിഷൻ കോൺഗ്രസ്സിൽ പങ്കെടുക്കുന്ന അംഗങ്ങൾക്കു വേണ്ടി ഒരു നിശ്ചിത ദിവസം മദ്ധ്യസ്ഥപ്രാർത്ഥന സംഘടിപ്പിക്കുക.

**യൂണിറ്റുകൾ**

പരിശുദ്ധാത്മാവിനോടുള്ള നൊവേന നടത്തുക.

പരിശുദ്ധാത്മാവിന്റെ അഭിഷേകപ്രാർത്ഥനകളും ധ്യാന പരിപാടികളും സംഘടിപ്പിക്കുക.

പരിശുദ്ധാത്മാവിന്റെ ഫലങ്ങളും ദാനങ്ങളും ഹൃദിസ്ഥമാക്കുക.

## വിജയപുരദൂത്

1. നമ്മുടെ എല്ലാ കുടുംബങ്ങളും ബി.സി.സി. യൂണിറ്റുകളും രൂപതാ ബുള്ളറ്റിനായ 'വിജയപുരദൂത്' വരുത്തുകയും വായിക്കുകയും ചെയ്യുവാൻ ശ്രമിക്കേണ്ടതാണ്.

2. vijayapuraduthu@gmail.com എന്ന ഇമെയിൽ വിലാസത്തിൽ വാർത്തകൾ, ഫോട്ടോകൾ, അറിയിപ്പുകൾ തുടങ്ങിയവ അയക്കുന്നത് നന്നായിരിക്കും. **എല്ലാ മാസവും 20–ാം തീയതിയ്ക്കകം** ലഭിക്കുന്നവ മാത്രമേ പ്രസിദ്ധീകരിക്കുവാൻ സാധിക്കുകയുള്ളുവെന്നത് ഒരിക്കൽ കൂടി ശ്രദ്ധയിൽ പെടുത്തുന്നു.

*പത്രാധിപർ*

# മിഷൻ കോൺഗ്രസ് രൂപതാ പ്രതിനിധി സംഗമം

ചരിത്രപ്രാധാന്യമുള്ള വല്ലാർപാടം മിഷൻ കോൺഗ്രസ് ബി.സി.സി. കൺവെൻഷനിൽ തീക്ഷ്ണതയോടും പ്രാർത്ഥനാ ചൈതന്യത്തോടുംകൂടി ഏവരും പങ്കെടുക്കണമെന്ന് സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ. പിതാവ് ആഹ്വാനം ചെയ്തു. 2017 ഒക്ടോബർ 6,7,8 തീയതികളുൽ വല്ലാർപാടത്തു നടക്കുന്ന മിഷൻ കോൺഗ്രസ് ബി.സി.സി. കൺവെൻഷനിൽ രൂപതയിൽ നിന്ന് പങ്കെടുക്കുന്ന 390 പ്രതിനിധികൾക്കുവേണ്ടിയുള്ള മുന്നൊരുക്ക സംഗമം ജൂലൈ 27ന് കോട്ടയം വിമലഗിരി പാസ്റ്ററൽ സെന്ററിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു പിതാവ്.

വൈദികരും സന്യസ്തരുമുൾപ്പെടെ രൂപതയിലെ എട്ടു ഫൊറോനകളിൽ നിന്നുമുള്ള പ്രതിനിധികൾ പങ്കെടുത്ത സംഗമത്തിനു പ്രതിനിധികൾക്കായുള്ള 33 ദിവസത്തെ മുന്നൊരുക്ക ധ്യാനത്തിന്റെ ഒന്നാം ദിവസത്തെ പ്രാർത്ഥനകൾ ചൊല്ലിക്കൊണ്ടാണ് അഭിവന്ദ്യപിതാവ് തുടക്കം കുറിച്ചത്. തുടർന്ന് നടന്ന ക്ലാസുകൾക്കും ചർച്ചകൾക്കും മിഷൻ കോൺഗ്രസ് പ്രോഗ്രം കമ്മറ്റി കൺവീനർ റവ.ഡോ. ഗ്രിഗറി ആർബി, കെ.ആർ.എൽ.സി.സി. അസോസിയേറ്റ് സെക്രട്ടറി ഫാ. തോമസ് തറയിൽ എന്നിവർ നേതൃത്വം നൽകി.

പ്രതിനിധികൾ ഫൊറോന അടിസ്ഥാനത്തിൽ ഒത്തുചേർന്ന് വല്ലാർപാടത്തേക്കുള്ള യാത്രാ ക്രമീകരണങ്ങളെക്കുറിച്ചും ബി.സി.സി.കൾ എപ്രകാരം കൂടുതൽ കാര്യക്ഷമമാക്കാം എന്നതിനെക്കുറിച്ചും സംഗമത്തിൽ ചർച്ച നടത്തി റിപ്പോർട്ടവതരിപ്പിച്ചു. സമാപനസന്ദേശത്തിൽ വികാരി ജനറൽ മോൺ ജസ്റ്റിൻ മഠത്തിപ്പറമ്പിൽ 1930 കളിൽ വിജയപുരം രൂപതയുടെ ആദ്യ മെത്രാനായിരുന്ന ബൊനവെന്തൂര അരാന പിതാവ് ഇടവകകളെ പ്രാദേശിക കൂട്ടായ്മകളാക്കിത്തിരിച്ച് പ്രാർത്ഥനായോഗങ്ങൾ സംഘടിപ്പിക്കണമെന്ന് നിർദേശിച്ച് ഇടയലേഖനമെഴുതിയത് അനുസ്മരിച്ചു. ഇന്നത്തെ ബി.സി.സികുളുടെ ആദിരൂപമായി അതിനെ കാണാമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

രൂപത മിനിസ്ട്രി കോ- ഓർഡിനേറ്റർ ഫാ. വർഗ്ഗീസ് കൊട്ടക്കാട്ട് മുന്നൊരുക്ക സംഗമത്തിന് നേതൃത്വം നൽകി.

## അഭിനന്ദനങ്ങൾ



സി. റോബിനി CTC

വത്തിക്കാൻ റേഡിയോയിൽ സേവനമനുഷ്ഠിക്കുവാൻ നിയുക്തയാക്കപ്പെട്ട സി. റോബിനി CTC യ്ക്ക് അഭിനന്ദനങ്ങൾ.

തെരേസ്യൻ കർമ്മലീത്താസഭാംഗമായ (CTC) സിസ്റ്റർ, വിജയപുരം രൂപതയിലെ പാമ്പനാർ തിരുഹൃദയ ഇടവകാംഗങ്ങളായ ചിന്നപ്പൻ, ജസ്സി ദമ്പതികളുടെ മകളാണ്. Broadcasting Journalism ത്തിൽ Makhanlal Chadurvedi University Delhi യിൽ നിന്ന് ബിരുദാനന്തര ബിരുദം നേടിയിട്ടുണ്ട്.

# മിഷൻ കോൺഗ്രസ്സ് - 2017

## കരിയർ ഗൈഡൻസ് ആൻഡ് ജോബ് റിക്രൂട്ട്മെന്റ് പ്രോഗ്രാം



ശ്രീ.ജെറീഷ് തോമസ്, റവ.ഫാ. ഡെന്നീസ് കണ്ണമാലിൽ, റവ.ഡോ. ജസ്റ്റിൻ മഠത്തിൽപറമ്പിൽ, ശ്രീ. ഉണ്ണികൃഷ്ണൻ, കോർപ്പറേറ്റ് മാനേജർ റവ.ഫാ. പോൾ ഡെന്നി രാമച്ചംകുടി.

**കെ.** ആർ.എൽ.സി.സി. യുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ മാസം വല്ലാർപാടത്തുവച്ചു നടക്കുന്ന ബി.സി.സി. കൺവെൻഷന്റെയും മിഷൻ കോൺഗ്രസിന്റെയും ഭാഗമായി കേരളത്തിലെ എല്ലാ ലത്തീൻ രൂപതകളിലും ഒരുക്കങ്ങൾ നടന്നുവരികയാണല്ലോ. ആയതിന്റെ ഭാഗമായി വിജയപുരം രൂപതയുടെ വിദ്യാഭ്യാസ ശുശ്രൂഷയുടെ നേതൃത്വത്തിൽ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് വേണ്ട മാർഗ്ഗനിർദ്ദേശവും സാധ്യതകളും തുറന്നു കൊടുക്കുവാനായി ജൂലൈ മാസം 29-ാം തീയതി ഒരു കരിയർ ഗൈഡൻസ് ആന്റ് ജോബ് റിക്രൂട്ട്മെന്റ് പ്രോഗ്രാം സംഘടിപ്പിച്ചു. രൂപതാ വികാരി ജനറാൾ മോൺ. ജസ്റ്റിൻ മഠത്തിൽപറമ്പിൽ പ്രോഗ്രാമിൽ പങ്കെടുത്തവർക്ക് വേണ്ട നിർദ്ദേശങ്ങൾ നല്കി പരിപാടി ഉദ്ഘാടനം ചെയ്തു. വി. എസ്.എസ്. എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. ഡെന്നീസ് കണ്ണമാലിൽ, കോർപ്പറേറ്റ് മാനേജർ റവ.ഫാ. പോൾ ഡെന്നി രാമച്ചംകുടി, ശ്രീ. ജെറീഷ് എന്നിവർ പ്രസംഗിച്ചു. ശ്രീ. ഉണ്ണികൃഷ്ണൻ, ശ്രീ. ജെറീഷ് തോമസ് എന്നിവർ പരിശീലന പരിപാടിക്ക് നേതൃത്വം കൊടുത്തു. ശ്രീ.എം.എസ്. ശ്രീകുമാർ, ശ്രീ. ടിൽസൻ വർഗ്ഗീസ് എന്നീ യുവസംരംഭകർ അവരുടെ അനുഭവം പങ്കുവച്ചുകൊണ്ട് കുട്ടികൾക്ക് ആത്മവിശ്വാസം പകർന്നു. ഓരോരുത്തരുടേയും വിദ്യാഭ്യാസയോഗ്യതകൾക്കനുസ്യൂതമായി ജോലി മേഖലകൾ തിരഞ്ഞെടുക്കുവാനും ആശയങ്ങൾ പങ്കുവയ്ക്കാനുമുള്ള അവസരങ്ങൾ എല്ലാ ഉദ്യോഗാർത്ഥികൾക്കും ലഭിച്ചു. തുടർന്ന് മൾട്ടി നാഷണൽ കമ്പനികളായ

റിലയൻസ്, ജോയ് ആലുക്കാസ്, എബൻ ടെലികോം, എ.വി.ജി. മോട്ടോർസ് എന്നീ കമ്പനികളുടെ നേരിട്ടുള്ള റിക്രൂട്ട്മെന്റും നടത്തപ്പെട്ടു. പ്രസ്തുത സ്പോട്ട് റിക്രൂട്ട്മെന്റിൽ 50 ഓളം വിദ്യാർത്ഥികൾക്ക് ആദ്യഘട്ട പരീക്ഷ പാസാകാനും ജോലി ഉറപ്പുവരുത്താനും സാധിച്ചു. ഇത്തരത്തിലുള്ള പരിപാടികൾ എല്ലാവർക്കും വേണ്ടത്ര ബോധ്യങ്ങളും അവസരങ്ങളും പ്രദാനം ചെയ്യുന്നുണ്ട് എന്ന പരാമർശത്തോടെ ശ്രീ. ആൽബിൻ എല്ലാവർക്കും കൃതജ്ഞത അർപ്പിച്ചു. ■

**CURIA**
**Diocese of Vijayapuram**
Vicar General/Chancellor

Vijayapuram Bishop's House
P.B. 82, Kottayam 686 001
Ph. 0481 230 4346
256 5088/3747

21- VIII- 2017

**PRIESTS' TRI-MONTHLY MEETING ON 20th AND 21st September 2017**

My Dear and Reverend Father,

Greetings from the diocesan Curia!

As we are getting ready for the Great Mission Congress and BCC Convention at Vallrapadam, it is now time for us to gather together once again to pray, encourage, evaluate and plan our pastoral activities. So I am very happy to inform you that our next **Tri-monthly Meeting** begins at 05.00 pm on the 20th September (Wednesday) and will be concluded by 12.30 pm on the 21st (Thursday) at Vimalagiri Pastoral Centre. Please do make sure that you be present for all the discussions and sessions of this Tri-monthly meeting, to envision the pastoral plan for our parishes. If you wish to include any particular points in the Agenda of next PTM, you may send it to Very Rev. Fr. George John Marymangalam, the secretary of PTM,on or before 31st August 2017.

Looking forward to seeing you and in union of prayers, I conclude.

Yours fraternally,

Msgr. Justin MADATHILPAAMBIL
Vicar General

DIOCESAN CURIA * VICAR GENERAL * VIJAYAPURAM

# ഇടവക വാർത്തകൾ



## സെന്റ് മേരീസ് ചർച്ച് കുറുമുള്ളൂർ

### സി.എം.എൽ. ബാഡ്ജ്, പതാക വെഞ്ചരിപ്പ്

സെന്റ് മേരീസ് ചർച്ച് കുറുമുള്ളൂരിൽ 23-7-2017-ൽ സി.എം.എൽന്റെ ബാഡ്ജ്, പതാക വെഞ്ചരിപ്പ് കർമ്മം റവ.ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിൽ നിർവ്വഹിച്ചു. തദവസരത്തിൽ സി.എം.എൽന്റെ ആനിമേറ്റേഴ്സും, അദ്ധ്യാപകരും, കുട്ടികളും സന്നിഹിതരായിരുന്നു. സി.എം.ൽന്റെ മുദ്രാവാക്യമായ സ്നേഹം, ത്യാഗം, സേവനം, സഹനം എന്നിവ തങ്ങളുടെ ജീവിതത്തിലും പ്രാവർത്തികമാക്കണമെന്ന് വികാരിയച്ചൻ എല്ലാ കുട്ടികളോടും ആഹ്വാനം ചെയ്തു. അതിനുശേഷം വി. ലൂക്കായുടെ സുവിശേഷം 10:1-3 വരെയുള്ള വാക്യങ്ങൾ വായിക്കുകയും സി.എം.എൽ ലീഡർ ശാലു സ്റ്റീഫൻ കുട്ടികൾക്ക് പ്രാർഥനകൾ ചൊല്ലിക്കൊടുക്കുകയും ചെയ്തു. തുടർന്ന് സി. എം.എലിന്റെ വൈസ് പ്രസിഡന്റ് ആൽബിൻ പീറ്റർ, റവ.ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിയും, സി.എം.എൽന്റെ ആനിമേറ്റർ ശ്രീമതി ഫിലോമിന ജോസ് കുട്ടികളുടെ പ്രതിനിധിക്കും ബാഡ്ജുകൾ നല്കി. സി.എം. എൽന്റെ ആന്തം പാടികൊണ്ട് വെഞ്ചരിപ്പ് കർമ്മത്തിന് സമാപനം കുറിച്ചു.

### തിരുബാലസഖ്യം : മെഡൽ വെഞ്ചരിപ്പ്

9-7-2017 ൽ തിരുബാലസഖ്യ കുട്ടികളുടെ മെഡൽ വെഞ്ചരിപ്പ് കർമ്മം റവ.ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിൽ നിർവ്വഹിച്ചു. തദവസരത്തിൽ ഉണ്ണീശോയുടെ തിരുസ്വരൂപത്തിനു മുൻപിൽ അദ്ധ്യാപകരും കുട്ടികളും സന്നിഹിതരായിരുന്നു. തിരുബാല സഖ്യത്തെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും വികാരിയച്ചൻ കുട്ടികൾക്ക് വിശദമാക്കികൊടുത്തു. തുടർന്ന് ഓരോ കുട്ടികൾക്കും വികാരിയച്ചൻ മെഡലുകൾ നൽകി. പ്രാർഥനയോടും ആശീർവാദത്തോടും കൂടി മെഡൽ വെഞ്ചരിപ്പ് കർമ്മത്തിന് സമാപനം കുറിച്ചു.

### സൺഡേ ഏയ്ഞ്ചൽ

സെന്റ് മേരീസ് ചർച്ച് കുറുമുള്ളൂരിൽ കുട്ടികളെ ഞായറാഴ്ച ദിവസങ്ങളിൽ ജപമാലയിൽ കൃത്യനിഷ്ഠയോടെ പങ്കെടുപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി സൺഡേ ഏയ്ഞ്ചൽ എന്ന ആശയം നടപ്പിലാക്കി. സൺഡേ

സ്കൂളിന്റെ പ്രവർത്തനാരംഭമായ 8.30 നുള്ള ജപമാലയിൽ ജോസഫ് എൻ. ഡി., ജോസഫ് പാറയിൽ, ലിസ്സി ജോസഫ് എന്നീ അദ്ധ്യാപകരുടെ നേതൃത്വത്തിൽ പള്ളിയിൽ എത്തിച്ചേരുന്ന കുട്ടികളുടെ പേരുകൾ രേഖപ്പെടുത്തുകയും വി. കുർബാനയ്ക്ക് ശേഷം അസംബ്ലിയിൽ ഈ കുട്ടികളുടെ പേരുകൾ നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കുകയും ആ കുട്ടിയെ അന്നേ ദിവസത്തെ സൺഡേ ഏയ്ഞ്ചലായി പ്രഖ്യാപിക്കുകയും സമ്മാനങ്ങൾ നല്കി അനുമോദിക്കുകയും പ്രോത്സാഹനം നല്കുകയും ചെയ്തു വരുന്നു.

## യുവജന ദിനം

സെന്റ് മേരീസ് ചർച്ച് കുറുമുള്ളൂരിൽ 13-08-2017-ൽ യുവജനദിനമായി ആചരിച്ചു. ജ്വലിക്കുന്ന മൺചിരാതുകൾ കൈകളിലേന്തി ഒരുമയുടെ പ്രതീകമായി ഒരേ നിറത്തിലുള്ള വസ്ത്രങ്ങൾ ധരിച്ച് യുവജനങ്ങൾ റവ.ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിയെ അൾത്താരയിലേക്ക് ആനയിച്ചു. അന്നേ ദിവസം വി. കുർബാനയിൽ ബൈബിൾ വായന, മദ്ധ്യസ്ഥ പ്രാർത്ഥനകൾ, കാഴ്ച വയ്പ് എന്നിവയ്ക്ക് യുവജനങ്ങളാണ് നേതൃത്വം കൊടുത്തത്. "യുവജനങ്ങളാണ് ഓരോ ഇടവകയുടെയും നെടുംതൂണുകൾ എന്നും യുവാവായ യേശുവിന്റെ ജീവിതം മാതൃകയാക്കി യുവജനങ്ങൾ ജീവിക്കണമെന്നും" വികാരിയച്ചൻ പ്രസംഗമദ്ധ്യേ പറഞ്ഞു. വി. കുർബാനയ്ക്കുശേഷം അന്നേ ദിവസത്തിന്റെ ഭാഗമായി യുവജനങ്ങൾ പള്ളിയും പരിസരവും വൃത്തിയാക്കി.

## വൈദിക ദിനാചരണം

സെന്റ് മേരീസ് ചർച്ച് കുറുമുള്ളൂരിൽ 6-8-2017 ക്രിസ്തുവിന്റെ രൂപാന്തരീകരണത്തിരുനാളും വൈദിക ദിനാചരണവും നടത്തി. വിശുദ്ധ ജോൺ മരിയ വിയാനിയുടെ ഫോട്ടോ കൈയ്യിലേന്തി കത്തിച്ച തിരികളുമായി മതബോധന അദ്ധ്യാപകരും അൾത്താര ശുശ്രൂഷകരും റവ.ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിയെ അൾത്താരയിലേക്ക് ആനയിച്ചു. ദിവ്യബലിയിൽ ബൈബിൾ വായന, മദ്ധ്യസ്ഥ പ്രാർത്ഥനകൾ, കാഴ്ച സമർപ്പണം എന്നിവയിൽ മതബോധ അദ്ധ്യാപകരാണ് നേതൃത്വം നൽകിയത്. വി. കുർബാന മദ്ധ്യേ വൈദിക ദിനത്തേയും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും കുട്ടികൾക്ക് വികാരിയച്ചൻ വിശദമാക്കി കൊടുത്തു. വി. കുർബാനയ്ക്ക് ശേഷം അസംബ്ലി മദ്ധ്യേ റവ.ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിൽ, ബ്ര. ജിനോയ് OFM തെള്ളകം എന്നിവരെ കുട്ടികൾ പൂച്ചെണ്ടുകൾ നൽകി വൈദിക ദിനത്തിന്റെ മംഗളങ്ങൾ ആശംസിച്ചു. ഇടവകയിൽ സേവനം അനുഷ്ഠിച്ച മുൻ വികാരിമാരെയും നമ്മുടെ ഇടവകയിൽ നിന്നും വൈദീക പട്ടം സ്വീകരിച്ചവരെയും സ്മരിച്ചുകൊണ്ട് പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും ചെയ്തു.

## സെന്റ് ജോസഫ്സ് ചർച്ച്, ഗൂഡാർളെ



കുടുംബങ്ങളുടെ വരുമാന വിനിയോഗത്തിൽ ശ്രദ്ധ വരുത്തി സാമ്പത്തിക അച്ചടക്കവും സമ്പാദ്യശീലവും വളർത്തിയെടുക്കുന്നതിനായി വി.എസ്.എസ്.എസ്. പരിചയപ്പെടുത്തുന്ന ഫാമിലി ബഡ്ജറ്റിങ്ങിനെക്കുറിച്ചുള്ള ക്ലാസ് 2017 ഓഗസ്റ്റ് 13-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.30 ന് ഗൂഡാർളെ ഇടവകയിൽ നടത്തപ്പെട്ടു. ഇടവകയുടെ സബ്സ്റ്റേഷനായ ODK ക്രിസ്തുരാജ ദൈവാലയത്തിൽ ഒരുമിച്ചുകൂടിയ ലിറ്റിൽ ഫ്ളവർ റെഡ് റോസ്, ഗോൾഡ് ഫിഷ് എന്നീ സംഘങ്ങളിലെ 22 വ്യക്തികൾക്കായി വി.എസ്.എസ്.എസ്. മൂന്നാർ മേഖലാ മുൻ കോ-ഓർഡിനേറ്റർ ശ്രീ. ജോൺ എസ്. എഡ്വിൻ ക്ലാസ് നയിച്ചു. ഇടവക വികാരി റവ.ഫാ. ജോൺസൺ ഒറ്റത്തെങ്ങുങ്കൽ ഭദ്രദീപം കൊളുത്തി യോഗം ഉദ്ഘാടനം ചെയ്യുകയും ഏവർക്കും സ്വാഗതമാശംസിക്കുകയും ചെയ്തു. ഇടവക ആനിമേറ്റർ ശ്രീമതി ജെസി ജോസഫ് ആവശ്യമായ ക്രമീകരണങ്ങൾ നടത്തി.

# കുരിശ് മഹത്വത്തിന്റെ ചിഹ്നം

**സെപ്റ്റംബർ 14:**
**കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ**



# അഭിനന്ദനങ്ങൾ



രാഷ്ട്രപതിയുടെ ഫയർ സർവീസ് മെഡൽ നേടിയ മൂവാറ്റുപുഴ അഗ്നിശമന നിലയത്തിലെ മുൻസ്റ്റേഷൻ ഓഫീസർ, മൂവാറ്റുപുഴ ക്രിസ്തുരാജ ഇടവകാംഗം ചേന്നാംപിള്ളിയിൽ സി.എ. അലക്സാണ്ടർ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനിൽ നിന്ന് മെഡൽ ഏറ്റുവാങ്ങുന്നു.

## പാമ്പനാർ തിരുഹൃദയ ഇടവക – KELSA



KELSA യുടെ ആഭിമുഖ്യത്തിൽ പീരുമേട് ബാറിലെ അഡ്വ. കവിത തങ്കപ്പൻ, സുനീഷ് എന്നിവർ “വിദ്യാർത്ഥികളും സമകാല സംഭവങ്ങളും” എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സെടുത്തു.

# മതബോധനരംഗം

## നല്ലസമറായൻ ദിനം, മൂവാറ്റുപുഴ



ക്രിസ്തുരാജ ദൈവാലയത്തിലെ മതബോധന അദ്ധ്യാപകർ നല്ല സമറായൻ ദിനം ആഘോഷിച്ചു. മതബോധനത്തിനുശേഷം കൂടിയ യോഗത്തിൽ നല്ല സമരിയാക്കാരനെക്കുറിച്ച് റവ. ബ്രദർ ബോബി കുട്ടികൾക്ക് സന്ദേശം നല്കി. തുടർന്ന് അദ്ധ്യാപകർ കുട്ടികളുടെ മുമ്പിൽ ലഘുനാടകം അവതരിപ്പിച്ചു. ഈ ആധുനിക യുഗത്തിൽ ഇന്നും നല്ല സമരിയാക്കാരൻ ഉണ്ട് എന്ന ചെറിയ ആശയത്തോടെയാണ് ലഘു നാടകം അവതരിപ്പിച്ചത്. അതിനുശേഷം ബഹുമാനപ്പെട്ട വികാരിയച്ചൻ അദ്ധ്യാപകർക്ക് അനുമോദനങ്ങൾ അർപ്പിച്ചു.

## നല്ല ഇടയൻ ഇടവക മതബബോധന പി.റ്റി.എ



നല്ല ഇടയൻ ഇടവക മതബോധന പി.റ്റി.എ എക്സിക്യൂട്ടീവ് തെരഞ്ഞെടുപ്പും പ്രഥമയോഗവും 30.07.2017 ഞായറാഴ്ച, ഇടവകവികാരി വെരി റവ. ഫാദർ ബേസിൽ പാദുവാ ഒ.സി.ഡി.യുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ചു നടന്നു. 2016-17 വർഷത്തെ പ്രവർത്തന റിപ്പോർട്ട് സെക്രട്ടറി ശ്രീ റ്റി.ജെ.ജോസഫും, വരവുചെലവു കണക്ക് ശ്രീമതി സജിനി ബേബിയും അവതരിപ്പിച്ചു.

കുഞ്ഞുങ്ങളുടെ വിശ്വാസ പരിശീലനം പ്രഥമവും പ്രധാനവുമായി മാതാപിതാക്കളുടെ കർത്തവ്യമാണെങ്കിലും വിശ്വാസസമൂഹമെന്നനിലയിൽ ക്രിസ്തു രൂപപ്പെടുവോളം പ്രവർത്തിക്കാനുള്ള സഭയുടെ ഉത്തരവാദിത്വം നിറവേറ്റുവാൻ വികാരിയച്ചന്മാരോടു ചേർന്നു നിന്നു പ്രവർത്തിക്കുന്നവരാണ് മതാദ്ധ്യാപകരും പി.റ്റി.എ-യും എന്ന് ബഹു. വികാരിയച്ചൻ അദ്ധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു.

മതബോധന ഡയറക്ടർ റവ.ഫാദർ ലെനിൻ ജോസ് ഒ.സി.ഡി. ആശംസകൾ നേർന്നു സംസാരിച്ചു. തുടർന്ന് 2017-18 അദ്ധ്യയനവർഷത്തെ പ്രവർത്തനങ്ങളും അവയുടെ കരടു ബഡ്ജറ്റും ചർച്ച ചെയ്ത് അംഗീകരിച്ചു. ഹെഡ്മാസ്റ്റർ ശ്രീ ജെയിംസ് ജോസഫ് സ്വാഗതവും പി.റ്റി.എ പ്രസിഡന്റ് ശ്രീ അനീഷ് ഫിലിപ് കൃതജ്ഞതയും അർപ്പിച്ചു.

## മതാദ്ധ്യാപക സെമിനാർ- മുണ്ടക്കയം മേഖല



മുണ്ടക്കയം മേഖലാ മതാദ്ധ്യാപക സെമിനാറിൽ പങ്കെടുത്തതിനുശേഷം മേഖലയിലെ മതാദ്ധ്യാപകർ മേഖലാ ഡയറക്ടർ ഫാ. തോമസ് പഴുവക്കാട്ടിലിനോടും മതബോധന സെക്രട്ടറി ശ്രീ. സിബി ജോസഫിനോടുമൊപ്പം

**2017** ജൂലൈ 8-ാം തീയതി പൊടിമറ്റം സെന്റ് ജോസഫ് ധ്യാനകേന്ദ്രത്തിൽ വച്ച് മുണ്ടക്കയം മേഖലയിലെ മതാദ്ധ്യാപകർക്കായി മതബോധ സെമിനാർ നടത്തപ്പെട്ടു. മണ്ണയ്ക്കനാട് ഹോളി ക്രോസ് ഇടവക വികാരിയും രൂപതാ ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടറുമായ ഫാ. ജോർജ്ജ് പീടികപ്പറമ്പിൽ "ആരായിരിക്കണം ഒരു നല്ല മതാദ്ധ്യാപകൻ" എന്ന വിഷയത്തിൽ ക്ലാസുകൾ നയിച്ചു. മേഖലാ മതബോധന ഡയറ്കടർ ഫാ. തോമസ് പഴുവക്കാട്ടിൽ അദ്ധ്യക്ഷത വഹിച്ച സെമിനാറിൽ സിസ്റ്റർ ലിജി സ്വാഗതമാശംസിക്കുകയും ശ്രീ. റെജിനോൾഡ് ഡേവിഡ് കൃതജ്ഞതയർപ്പിക്കുകയും ചെയ്തു.

## എസ്.എച്ച്. പാമ്പനാർ – പ്രവേശനോത്സവം



ഈ അദ്ധ്യയനവർഷത്തിലെ 1-ാം ക്ലാസിലേക്കുള്ള പ്രവേശനോത്സവം 2017 ജൂൺ 11ന് ബഹു.ഫാ. ക്ലീറ്റസ് കതിർപ്പറമ്പിലിന്റെ നേതൃത്വത്തിൽ നടന്നു.

## മൂവാറ്റുപുഴ മേഖലാതല മതബോധന സെമിനാർ

മൂവാറ്റുപുഴ മേഖലയിലെ സെമിനാർ ശനിയാഴ്ച രാവിലെ 9.30നാ ആരംഭിച്ചു. റവ.ഫാ. പീറ്റർ പാലക്കലിന്റെ അദ്ധ്യക്ഷതയിൽ പ്രാർത്ഥനയോടെ റവ.ഫാ. തോമസ് തൈപ്പറമ്പിൽ സ്വാഗതവും റവ.ഫാ. സേവ്യർ മാമൂട്ടിൽ ഉദ്ഘാടനവും നിർവ്വഹിച്ചു. തുടർന്ന് റവ.ഫാ. ജോർജ് പീടികപറമ്പിൽ "മതബോധനത്തിന്റെ നന്മകൾ, പോരായ്മകൾ, ഗുരുവും അദ്ധ്യാപകരും" തമ്മിലുള്ള വ്യത്യാസം. വിജ്ഞാനത്തിന്റെ വാതിൽ പഞ്ചേന്ദ്രീയങ്ങളിലൂടെയുള്ള മതബോധന പരിശീലനം, തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് സെമിനാർ നടത്തി. ഉച്ചഭക്ഷണത്തിനുശേഷം നിലവിലുള്ള പ്രവർത്തനവും പുരോഗതിയും ചർച്ച നടത്തി. കൂടുതൽ കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നതിന് അദ്ധ്യക്ഷൻ നിർദ്ദേശിച്ചു. സോണൽ സെക്രട്ടറി ശ്രീ. സ്റ്റെനിസ്ലാവൂസ് മേഖലാതല പ്രവർത്തനത്തെക്കുറിച്ച് വിശദീകരിക്കുകയും അറിയിപ്പുകൾ നൽകുകയും ചെയ്തു. എച്ച്.എം. ബേബി വർഗ്ഗീസ് നന്ദി പറഞ്ഞ് സ്നേഹവിരുന്നോടെ സെമിനാർ സമംഗളം പര്യവസാനിച്ചു.

## നല്ല സമറായൻദിനം – അമയന്നൂർ

തിരുഹൃദയ ദൈവാലയ മതബോധന കുട്ടികൾ ജൂലൈ 9 ഞായറാഴ്ച 'നല്ല സമറായൻ' ദിനമായി ആചരിച്ചു. നല്ല സമറായൻ ആര്? എന്ന് കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുന്നതിനായി മതാദ്ധ്യാപകരുടെ പരിശീലനത്തിൽ കുട്ടികളുടെ ഒരു ലഘു സ്കിറ്റ് അവതരിപ്പിക്കുകയുണ്ടായി. ഇടവക വികാരി. റവ.ഫാ. ജോർജ് ചക്കുങ്കൽ നല്ല സമറായൻ ദിനാചരണ സന്ദേശം നൽകി. മതബോധന അദ്ധ്യാപകരുടെയും പി.റ്റി.എ അംഗങ്ങളുടെയും സജീവ സാന്നിദ്ധ്യം ഈ ദിനത്തിന് കൂടുതൽ കൊഴുപ്പേകി.

## മരിയ ഗൊരേത്തി ദിനം – അമയന്നൂർ

തിരുഹൃദയ ദൈവാലയ മതബോധന കുട്ടികൾ ജൂലൈ 2 ഞായർ വിശുദ്ധ മരിയാഗൊരെത്തി ദിനമായി ആചരിച്ചു. വി. മരിയഗൊരേത്തിയുടെ ജീവചരിത്രവും ഈ ദിനത്തിന്റെ പ്രാധാന്യവും പ്രധാന അദ്ധ്യാപകൻ കുട്ടികൾക്ക് വിശദീകരിച്ചു നൽകി. ദിനാചരണ സമ്മേളനത്തിൽ ഇടവക വികാരി റവ. ഫാ. ജോർജ്ജ് ചക്കുങ്കൽ മുഖ്യസന്ദേശം നൽകി. മതാദ്ധ്യാപകർ പരിപാടികൾക്ക് നേതൃത്വം നൽകി.

## മതബോധന അദ്ധ്യാപക സംഗമം, പാമ്പനാർ



**പാ**മ്പനാർ ഇടവക ദൈവാലയത്തിൽവച്ച് പീരുമേട് സോണൽ മതബോധന അദ്ധ്യാപക സംഗമം നടത്തി. സോണൽ ഡയറക്ടർ ബഹു. ഫാ. ജോസ് കാടംതുരുത്തേൽ ഉദ്ഘാടനം ചെയ്തു. 14 ഇടവകകളിൽ നിന്നും 169 അദ്ധ്യാപകർ പങ്കെടുത്തു. റവ. ഡോ.ഫാ. ആന്റണി പാട്ടപ്പറമ്പിൽ "ഈശോയുടെ പുതുമകൾ" എന്ന വിഷയത്തെക്കുറിച്ചും മി. ചാക്കോ ജോസഫ് "മതാദ്ധ്യാപകരും ജീവിത മാതൃകയും " എന്ന വിഷയത്തെക്കുറിച്ചും ക്ലാസെടുത്തു.

# സംഘടനാ വാർത്തകൾ

## കെ.എൽ.സി.എ.

കുമളി ലൂർദ്ദ്പള്ളിയിൽ പ്രവർത്തിക്കുന്ന സമുദായ സംഘടനയായ കെ.എൽ.സി.എ. എല്ലാ വർഷവും പൊതുപരീക്ഷകളിൽ ഉന്നതമാർക്ക് വാങ്ങി വിജയിക്കുന്ന ഇടവകാംഗങ്ങളുടെ കുട്ടികൾക്ക് നൽകുന്ന സ്കോളർഷിപ്പ് ഈ വർഷം 9-7-2017 ഞായറാഴ്ച ദിവ്യബലി മധ്യേ വിതരണം ചെയ്തു.

യൂണിറ്റ് പ്രസിഡന്റ് ശ്രീ. ജയശീലൻ മുന്നോടിയിൽ വിജയികളെ സ്വാഗതം ചെയ്തുകൊണ്ടും അനുമോദിച്ചുകൊണ്ടും പ്രസംഗിച്ചു. പരീക്ഷാ വിജയികൾക്ക് ഇടവക വികാരി വെരി. റവ.ഫാ. സെബാസ്റ്റ്യൻ ഓലിക്കര സ്കോളർഷിപ്പ് നൽകികൊണ്ട് അവരെ അനുമോദിച്ചു സംസാരിച്ചു.

എസ്.എസ്.എൽ.സി., പ്ലസ്ടൂ, ഡിഗ്രി, പി.ജി. പരീക്ഷയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയവർക്ക് 1001/- രൂപയും രണ്ടാം സ്ഥാനക്കാർക്ക് 750/- രൂപയും പ്രോത്സാഹനമായി നൽകി. ഇടവക സമിതി സെക്രട്ടറി ശ്രീ. ജയിംസ് ചൊക്കം തയ്യിൽ, ശ്രീമതി സെലിൻ ജെ. മാമൂട്ടിൽ, തങ്കച്ചൻ കണ്ടത്തിപ്പറമ്പിൽ, റെജി കുന്നുംപുറം, ബിജുപറമ്പുങ്കൽ, സിന്ധു വിൽസൺ വിതയത്തിൽ, ടിന്റു ലോബോ, റോസിലിൻ ലോബോ എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി.

വികാരിയച്ചൻ കെ.എൽ.സി.എ. പ്രവർത്തകർക്കും സഹകരിച്ച എല്ലാ ഇടവകാംഗങ്ങൾക്കും നന്ദി അറിയിച്ചു.

## കെ.സി.എസ്.എൽ. രൂപതാ സംഗമം



കെ..സി.എസ്.എൽ. രൂപത സംഗമം ഓഗസ്റ്റ് 3-ാം തീയതി വിലമഗിരി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. വിവിധ സ്കൂളുകളിൽ നിന്നും വന്നെത്തിയ 750 കുട്ടികൾ വിമലഗിരി മാതാവിന്റെ സന്നിധാനത്തിൽ പ്രാർത്ഥിച്ചുകൊണ്ട് പരിപാടികൾക്ക് ആരംഭം കുറിച്ചു. അഭിവന്ദ്യ സെബാ

സ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവ് കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കുകയും സന്ദേശം നല്കുകയും ചെയ്തു.

ശ്രീമതി സാലി ജോസഫ് അദ്ധ്യക്ഷത വഹിച്ച് യോഗം കെ.സി.എസ്. എൽ. സംസ്ഥാന ഡയറക്ടർ റവ.ഫാ. തോംസൺ പഴയചിറപീടികയിൽ യോഗം ഉദ്ഘാടനം ചെയ്തു. രൂപതാ ശുശ്രൂഷാ കോ- ഓർഡിനേറ്ററും മതബോധന ഡയറക്ടറുമായ റവ.ഫാ. വർഗീസ് കൊട്ടക്കാട്ട് മുഖ്യപ്രഭാഷണം നടത്തി കെ.സി.എസ്.എൽ ന്റെ ചരിത്രം അവതരിപ്പിച്ചു. മുൻ രൂപതാ പ്രസിഡന്റ് ശ്രീ. ജോൺസൺ വി.എം. രൂപതാ ഡയറക്ടർ റവ.ഫാ. പോൾ ഡെന്നി രാമച്ചംകുടി. കെ.സി.എസ്. എൽ. പ്രതിനിധി കുമാരി അലീന ആന്റണി എന്നിവർ യോഗത്തിൽ പ്രസംഗിച്ചു.

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

## വിജയപുരം സെൻട്രൽ കൗൺസിൽ 37–ാമത് വാർഷികം



വിജയുപരം സെൻട്രൽ കൗൺസിലിന്റെ 37–ാംമത് വാർഷികാഘോഷം 2017 ആഗസ്റ്റ് 20–ാം തീയതി ഞായറാഴ്ച വിമലഗിരി പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. സി.സി. സീനിയർ വൈസ് പ്രസിഡന്റ് ബ്ര. ജസ്റ്റിൻ ഡേവിഡ് പതാകയുയർത്തി. തുടർന്ന് നടന്ന കൃതജ്ഞതാ ബലിക്ക് റവ.ഫാ. വർഗീസ് കൊട്ടക്കാട്ട് മുഖ്യകാർമ്മികനായിരുന്നു. അതിനുശേഷം 'വിൻസെൻഷ്യൻ പ്രവർത്തനം കുടുംബങ്ങളിൽ' എന്ന വിഷയത്തെക്കുറിച്ച് സി.സി. വൈസ് പ്രസിഡന്റ് ബ്ര. പി.എം. രാജേഷ് ക്ലാസെടുത്തു.

സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ബ്ര. മൈക്കിൾ ഡിക്രൂസ് അദ്ധ്യക്ഷത വഹിച്ചു. വാർഷിക സമ്മേളനം രൂപതാ വികാരി ജനറാൾ വെരി. റവ. മോൺ ജസ്റ്റിൻ അലക്സാണ്ടർ മഠത്തിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. എപ്പിസ്കോപ്പൽ വികാരി വെരി. റവ.മോൺ. സെബാസ്റ്റ്യൻ പൂവത്തിങ്കൽ അനുഗ്രഹപ്രഭാഷണവും രൂപതാ ശുശ്രൂഷാ സമിതി കോർഡിനേറ്റർ റവ. ഫാ. വർഗ്ഗീസ് കൊട്ടക്കാട്ട് പ്രതിജ്ഞാ നവീകരണവും നടത്തി. കെ.ആർ. സി.സി. സെക്രട്ടറി ബ്ര. ബിനു കുര്യാക്കോസ് ഏ.സി. വനിതാ പ്രതിനിധി

സി. അന്തോനിയമ്മ എന്നിവർ ആശംസയർപ്പിച്ചു സംസാരിച്ചു. സി.സി. സെക്രട്ടറി റ്റി. സുരേഷ് വാർഷിക റിപ്പോർട്ടും, ട്രഷറർ റ്റി.ജെ. ജോസഫ് വാർഷിക കണക്കും അവതരിപ്പിച്ചു. ബ്ര. പി.സി. ഏവർക്കും സ്വാഗതമർപ്പിച്ചു. ബ്ര.പി.എം. ദേവസി പ്രാരംഭപ്രാർത്ഥനയും ബ്ര. എൻ. സുരേഷ് ജ്ഞാന വായനയും, ബ്ര. കെ.എസ്. സെബാസ്റ്റ്യൻ സമാപനപ്രാർത്ഥനയും നടത്തി. ബ്ര. പി.വൈ. സെബാസ്റ്റ്യൻ ഏവർക്കും കൃതജ്ഞത അർപ്പിച്ചു. സ്നേഹ വിരുന്നോടുകൂടി വാർഷികാഘോഷത്തിന് തിരശ്ശീല വീണു.

## സൊസൈറ്റി ഓഫ് വിൻസെന്റ് ഡി പോൾ – വണ്ടിപ്പെരിയാർ

28-ാമത് വണ്ടിപ്പെരിയാർ ഏരിയാ കൗൺസിലിന്റേയും വണ്ടിപ്പെരിയാർ അസംപ്ഷൻ & ജെന്റ്സ് കോൺഫ്രൻസുകളുടെയും സംയുക്തവാർഷികം 25-06-2017 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് വണ്ടിപ്പെരിയാർ അസംപ്ഷൻ ദേവാലയ കോൺഫ്രൻസ് ഹാളിൽവച്ച് (ആരാമം) ഏരിയാ കൗൺസിൽ പ്രസിഡന്റ് ബ്രദർ ചാക്കോ നെല്ലിമലയുടെ അധ്യക്ഷതയിൽ കൂടി.

ഇടവക വികാരിയും ആത്മീയ ഉപദേഷ്ടാവുമായ റവ.ഫാ. ജോസ് കൈതക്കുഴി യോഗം ഉദ്ഘാടനം ചെയ്തു. പ്രശംസ നേടുന്നതിനോ ആഗ്രഹിക്കുന്നതിനോ അല്ല പ്രസ്തുത യേശുവിനു വേണ്ടി നിശബ്ദ സേവനം ചെയ്യുന്ന നല്ല ഹൃദയത്തിന്റെ ഉടമകളായി തീരേണ്ടവരാണ് വിൻസെൻഷ്യൻ പ്രവർത്തകരെന്നും സൊസൈറ്റിയുടെ വാർഷികം ഈശോയുടെ തിരുഹൃദയ തിരുനാളായ ഇന്നേ ദിവസം തെരഞ്ഞെടുത്തത് എന്തുകൊണ്ടും നല്ലതാണെന്നും അച്ചൻ ഉദ്ബോധിപ്പിച്ചു.

സി.സി. വൈസ് പ്രസിഡന്റ് ബ്രദർ പി.എം. രാജേഷ് മുഖ്യപ്രഭാഷണം നടത്തി. വണ്ടിപ്പെരിയാർ കോൺഫ്രൻസ് പ്രസിഡന്റ് ബ്രദർ ജോൺ തുണ്ടുപുരയിടം സ്വാഗതവും ബ്രദർ മരിയത്തിന രാജ് (അരണക്കൽ) നന്ദിയും അർപ്പിച്ചു. ഏരിയ കോൺഫ്രൻസിന്റെയും മറ്റു ഇരു കോൺഫ്രൻസുകളുടെയും കണക്കും റിപ്പോർട്ടും യഥാക്രമം ബ്ര. ആന്റണി ജോസഫ് (വണ്ടിപ്പെരിയാർ സെക്രട്ടറി), ബ്ര. ജോസഫ് ആന്റണി (വണ്ടിപ്പെരിയാർ ട്രഷറർ), സി. അന്നമ്മ കല്ലറയ്ക്കൽ (സെക്രട്ടറി വണ്ടിപ്പെരിയാർ), ബ്ര. എം. ഡി. ഷിബു (വണ്ടിപ്പെരിയാർ എ.സി. സെക്രട്ടറി), ബ്ര. അഗസ്റ്റിൻ (വണ്ടിപ്പെരിയാർ എ.സി. ട്രഷറർ) എന്നിവർ അവതരിപ്പിക്കുകയും പാസാക്കുകയും ചെയ്തു. ദത്തു കുടുംബങ്ങൾക്കുള്ള സാമ്പത്തിക സഹായവും ദത്തു വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളും യോഗത്തിൽ വച്ചു വിതരണം ചെയ്തു.

വണ്ടിപ്പെരിയാർ സഹവികാരി റവ.ഫാ. അഗസ്റ്റിൻ, ബ്ര. കുര്യൻ പാണശ്ശേരി (കരടിക്കുഴി), ബ്ര. കെ.പി. ജോസ് (കുമളി), ബ്ര. ബെന്നി (വസുവിടുങ്ങി), വണ്ടിപ്പെരിയാർ ഇടവക സെക്രട്ടറി ബ്ര. തമ്പി എന്നിവർ ആശംസകൾ അർപ്പിച്ചു.

സമാപന പ്രാർത്ഥനയോടും ആശീർവാദത്തോടും സ്നേഹവിരുന്നോടും കൂടി സംയുക്ത വാർഷികം സമംഗളം സമാപിച്ചു.

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ
# വിജയപുരം ഏരിയ കൗൺസിൽ
# 40-ാമത് വാർഷികം



സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ വിജയപുരം ഏരിയ കൗൺസിലിന്റെ വാർഷികം 2017 ആഗസ്റ്റ് 6-ാം തീയതി ഞായർ രാവിലെ തെള്ളകം സെന്റ് മേരീസ് ദൈവാലയത്തിൽ 9.30-ന് ദിവ്യബലിയോടുകൂടി ആരംഭിച്ചു. ദിവ്യബലിക്ക് തെള്ളകം സെന്റ് മേരീസ് ഇടവക വികാരി ബഹു. ജോസഫ് തറയിൽ നേതൃത്വം നൽകി. ദിവ്യബലിക്കുശേഷം 11 മുതൽ 12 വരെ "വിൻസെൻഷ്യൻ പ്രവർത്തനത്തിൽ യുവജനങ്ങൾക്കുള്ള പങ്ക്" എന്ന വിഷയം അടിച്ചിറ പരിത്രാണ ധ്യാനകേന്ദ്രത്തിലെ ബഹു. സോണൂ കുളത്തൂർ വി.സി. അച്ചൻ ക്ലാസ്സ് എടുത്തു. ക്ലാസ്സിനുശേഷം വിജയപുരം ഏരിയ കൗൺസിൽ പ്രസിഡന്റ് ബ്രദർ തോമസ് റ്റി.ജെ.യുടെ അധ്യക്ഷതയിൽ വാർഷികസമ്മേളനം ആരംഭിച്ചു. സമ്മേളനം വിജയപുരം ഏരിയ കൗൺസിലിന്റെ ആധ്യാത്മികോപദേഷ്ടാവും നല്ലിടയൻ പള്ളി വികാരിയും ഫൊറോനാ വികാരിയുമായ ......... ബഹു. ബേസിൽ പാദുവാ ഒസിഡി ഉദ്ഘാടനം ചെയ്തു. തെള്ളകം ഇടവക വികാരി ബഹു. ജോസഫ് തറയിൽ അനുഗ്രഹപ്രഭാഷണവും, സിസി എസ്റ്റൻഷൻ ഓഫീസർ ബ്രദർ പി.എം. രാജേഷ് മുഖ്യപ്രഭാഷണവും നടത്തി. ഇടവക സെക്രട്ടറി ജോൺ ജോസഫ് ആശംസ അർപ്പിച്ചു. അംഗങ്ങളുടെയും കുട്ടികളുടെയും ഗാനാലാപനവും ഉണ്ടായിരുന്നു. ഈ വർഷം എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കിയ കുട്ടികൾക്ക് ക്യാഷ് അവാർഡും മെമെന്റോയും ഹോളിക്രോസ് മദർ സുപ്പീരിയർ സിസ്റ്റർ ഇ.എം. മേരി സമ്മാനിച്ചു. ഏരിയ കൗൺസിലിൽ ഏറ്റവും മികച്ച പ്രവർത്തനം നടത്തിയ പാക്കിൽ, നട്ടാശ്ശേരി, തെള്ളകം, ചങ്ങനാശേരി കോൺഫറൻസുകൾക്ക് സമ്മാനവും നൽകി. ബഹു. ജോസഫ് തറയിൽ അച്ചന്റെ സമാപന ആശീർവാദത്തോടും സ്നേഹവിരുന്നോടുകൂടി വാർഷികസമ്മേളനം പര്യവസാനിച്ചു.

## ലീജിയൻ ഓഫ് മേരി ഏകദിന സെമിനാർ

ലീജിയൻ ഓഫ് മേരി വിജയപുരം കൊമ്മീസിയത്തിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 12-ാം തീയതി വിമലഗിരി പാസ്റ്ററൽ സെന്ററിൽ വെച്ച് ഏകദിന സെമിനാർ നടത്തപ്പെട്ടു. കോട്ടയം, പട്ടിത്താനം, ചങ്ങനാശ്ശേരി, മുണ്ടക്കയം കൂരിയാകളിൽ നിന്ന് 165 ലീജിയൻ ഭാരവാഹികൾ പങ്കെടുത്തു. രൂപതാ ഡയറക്ടർ വെരി.റവ.ഫാ. ജോർജ്ജ് ജോൺ മേരിമംഗലത്തിന്റെ അധ്യക്ഷതയിൽ രാവിലെ 10 മണിക്ക് സെമിനാർ ആരംഭിച്ചു. പ്രാരംഭ പ്രാർത്ഥനയ്ക്കുശേഷം കൊമ്മീസിയം പ്രസിഡന്റ് സി. മേരി മാത്യു സ്വാഗതം ആശംസിച്ചു. സെക്രട്ടറി സി. സൂസൻ വിജയൻ റിപ്പോർട്ടും, ഖജാൻജി ജി.ഡി. അന്നമ്മ മാത്യു വരവുചെലവു കണക്കുകളും തദവസരത്തിൽ അവതരിപ്പിച്ചു.

ശുശ്രൂഷ സമിതികളുടെ രൂപതാ കോ ഓർഡിനേറ്റർ റവ.ഫാ. വർഗീസ് കൊട്ടക്കാട് ആദ്യത്തെ ക്ലാസ് നയിച്ചു. വല്ലാർപാടത്തു നടത്തപ്പെടുന്ന മിഷൻ കോൺഗ്രസിനെ കുറിച്ചുള്ള രൂപരേഖ അവതരിപ്പിക്കുകയും അതിന്റെ വിജയത്തിനായി ലീജിയൻ അംഗങ്ങൾ പ്രാർത്ഥിക്കണമെന്ന ഗൗരവതരമായ ഉത്തരവാദിത്വം ഓർമ്മപ്പെടുത്തി. പ. അമ്മയുടെ ഫാത്തിമായിലെ പ്രത്യക്ഷപെടലിനെക്കുറിച്ചും അതിന്റെ രൂപതാതല ശതാബ്ദി ആഘോഷങ്ങൾ എപ്രകാരം നടത്തപ്പെടുമെന്നും പ്രാർത്ഥനാപൂർവ്വം കാത്തിരിക്കണമെന്നും അച്ചൻ ഉദ്ബോധിപ്പിച്ചു.

തുടർന്ന് രൂപതാ എപ്പിസ്കോപ്പൽ വികാർ മോൺ സെബാസ്റ്റ്യൻ പൂവത്തിങ്കൽ ക്ലാസ് നയിച്ചു. സ്തോത്രഗീതത്തിലൂടെ "അമ്മ"യുടെ മഹത്വം മനോഹരമായി അവതരിപ്പിച്ചു കൊണ്ട് പരിശുദ്ധ അമ്മയുടെ ജീവിത വിശുദ്ധിയും പ്രാർത്ഥനയും എല്ലാ അമ്മമാർക്കും ഉണ്ടായിരിക്കണം എന്നും ഉദ്ബോധിപ്പിച്ചു.

വി. കുമ്പസാരത്തിന്റെ ഗൗരവവും അതിനായി എങ്ങനെ ഒരുങ്ങണമെന്നും പെരിയ ബഹു. മേരിമംഗലം അച്ചൻ വിശദീകരിച്ചു. ഖജാൻജി സി. അന്നമ്മ മാത്യുവിന്റെ കൃതജ്ഞതാ പ്രകാശനത്തിനുശേഷം അംഗങ്ങൾ കുമ്പസാരം നടത്തുവാനായി പോയി. അതേതുടർന്ന് പെരിയ. ബഹു. ജോർജ് ജോൺ മേരിമംഗലം അച്ചന്റെ കാർമ്മികത്വത്തിൽ വി. കുർബാന അർപ്പിക്കപ്പെട്ടു. സ്നേഹവിരുന്നോടുകൂടി സെമിനാർ സമാപിച്ചു.

ഗാനം

# അലിവുള്ള അമ്മ

**ബ്രദർ ടോണി റാഫേൽ മൂട്ടൂർ**

പുഞ്ചിരിതൂകുന്നെന്നമ്മേ
അടിയങ്ങൾ അണയുന്നു നിൻമുൻപിൽ (2)
അലിവുതോന്നി കരുണയോടെ
നോക്കണേ നാഥേ കാക്കണേ (2)

അഗതികളാം ഞങ്ങൾക്കഭയം നീയേ നാഥേ...
അശരണരാം ഞങ്ങൾക്കാശ്രയം നീയേ നാഥേ... (പുഞ്ചിരി)

നിന്റെ നീല കാപ്പയ്ക്കുള്ളിൽ പൊതിയണേ
നിന്റെ കൈകളാലെന്നെ നയിക്കണേ... (2) (പുഞ്ചിരി)

നിന്റെ പുത്രനേശുവിലൊന്നാകാൻ...
നിന്റെ പുഞ്ചിരിയെന്നിൽ വിടർന്നിടാൻ... (2)
അനുഗ്രഹം ചൊരിയണെ എന്നമ്മേ
അടിയങ്ങൾക്കഭയം നീയല്ലോ... (പുഞ്ചിരി)

---

ഗാനം

# കരുണാർദ്രസ്നേഹം

**അലക്സാണ്ടർ നെടുമ്പറമ്പ്, പൂവം**

സഹനത്തിൻ പൂഴിയിൽ
വചനമാം നിഷ്ഠ്യുതം*
ചേർത്തൊരു ഔഷധക്കൂട്ടൊരുക്കി-
ജന്മനാ അന്ധത
ബാധിച്ചിരുന്നൊരെൻ
മനസ്സിന്റെ നയനങ്ങളിൽ പൂശി
യേശുവെൻ മനസ്സിന്റെ നയനങ്ങളിൽ പൂശി

കരുണാർദ്രസ്നേഹം
വഴിഞ്ഞതൻ ഹൃദയമാം
സീലോഹാക്കുളത്തിൽ
സ്നേഹതീരം ചേർത്തു
നിറുത്തി; യെൻ മിഴികളാ-
സ്നേഹജലത്തിൽ കഴുകി
യേശുവെൻ മനസ്സിന്റെ മിഴികൾ തുറന്നു

കാണുന്നു ഞാനിപ്പോൾ
മനുജനെ കാണുന്നു.
ചലിക്കുന്ന മരങ്ങളെപ്പോലെയല്ല
കാണുന്നു ഞാനെന്റെ
മനക്കണ്ണുകളാലെ
മനുഷ്യനെ മനുഷ്യനായ് കാണുന്നിതേ
എല്ലാം എനിക്കിപ്പോൾ വ്യക്തമായി.

* തുപ്പൽ

# വി.എസ്.എസ്.എസ്. വാർത്തകൾ

## ആശാകിരണം



ആശാകിരണം കാൻസർ സാന്ത്വനപദ്ധതിയുടെ ധനശേഖരണാർത്ഥം തിരുവല്ലാ മേഖലയിലെ ആനിമേറ്റർമാർ, ആശാകിരണം സന്നദ്ധപ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിലുള്ള 21 അംഗ സംഘം നെഹ്റു ട്രോഫി ജലോത്സവം നടന്ന പുന്നമടയിൽ കാണികളിൽ നിന്നും സംഭാവനയായി 12500 രൂപ സമാഹരിച്ചു.

## ആശാകിരണം സ്കൂൾതല ബോധവത്ക്കരണം



വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി നടത്തിവരുന്ന ആശാകിരണം കാൻസർ സുരക്ഷാ പദ്ധതിയുടെ സ്കൂൾതല ബോധവത്ക്കരണ ക്ലാസുകൾ ഇലയ്ക്കാട് എസ്.കെ.വി. ഗവ.യു.പി. സ്കൂൾ, വാക്കാട് സി.എ

സ്.എസ്. യു.പി. സ്കൂൾ എന്നിവിടങ്ങളിൽ നടന്നു. ഇലയ്ക്കാട് സ്കൂളിൽ പ്രധാനാധ്യാപിക ചന്ദ്രമ്മയുടെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ അദ്ധ്യാപകർ, വിദ്യാർത്ഥികൾ രക്ഷിതാക്കൾ എന്നിവരുൾപ്പെടെ 58 പേർ പങ്കെടുത്തു.

വാക്കാട് അദ്ധ്യാപക രക്ഷകർതൃസമിതി പ്രസിഡന്റ് ബിജു വർക്കിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രധാനാദ്ധ്യാപകൻ അലക്സ് സഖറിയ സന്ദേശം നൽകി. അദ്ധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളുമുൾപ്പെടെ 90 പേർ പങ്കെടുത്തു. കാൻസറും കാരണങ്ങളും, സ്വീകരിക്കാവുന്ന മുൻകരുതലുകൾ, സാന്ത്വനപദ്ധതികൾ, ചികിത്സാസൗകര്യങ്ങൾ ഇവയെപ്പറ്റി വി.എസ്.എസ്.എസ്. ആരോഗ്യ വിഭാഗം സി.ഡി.ഒ. പ്രമീല ജോർജ്ജ് ക്ലാസുകൾ നയിച്ചു.

## ബാലവേദി നേതൃപരിശീലനം



വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കോട്ടയം മേഖലയിൽ പുതുതായി തെരഞ്ഞെടുക്കപ്പെട്ട ബാലവേദി സി.ഡി.സി. അംഗങ്ങൾക്കായി നടത്തിയ നേതൃത്വപരിശീലന പരിപാടി കോട്ടയം കാർമ്മൽ ഹാളിൽ നടന്നു. സംസ്ഥാന വനം-പരിസ്ഥിതി കമ്മീഷനംഗം കെ.ബിനു ക്ലാസ് നയിച്ചു. 48 കുട്ടികൾ പങ്കെടുത്തു. വി.എസ്.എസ്.എസ്. ബാലവേദി സി.ഡി.ഒ.റ്റി.കെ. രാജു, മേഖലാ സെക്രട്ടറി ജോളി ബാബു എന്നിവർ നേതൃത്വം നൽകി.

## ചിത്രമെഴുത്ത് പരിശീലനം

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പട്ടിത്താനം മേഖലയിലെ തെരഞ്ഞെടുക്കപ്പെട്ട ബാലവേദിയംഗങ്ങൾക്കായി നടന്ന ഏകദിന ചിത്ര രചനാ പരിശീലനം സെന്റ് ബോണിഫസ് ഹാളിൽ

മേഖലാ പ്രസിഡന്റ് ഫാ. സിൽവസ്റ്റർ മാധവശ്ശേരിയുടെ അദ്ധ്യക്ഷതയിൽ ഫാ. ജോസഫ് കാനപ്പിള്ളി ഉദ്ഘാടനം ചെയ്തു. തുടർന്ന് രാജേഷ് വി.വി. (ക്രൈംബ്രാഞ്ച് കോട്ടയം) യുടെ നേതൃത്വത്തിൽ 65 കുട്ടികൾ പരിശീലനം നേടി. വി.എസ്.എസ്.എസ്. ബാലവേദി സി.ഡി.ഒ. റ്റി.കെ. രാജു, മേഖലാ സെക്രട്ടറി ലിസി ജോസ്, ആനിമേറ്റർ മേരി ജോസഫ് എന്നിവർ സംസാരിച്ചു.

## ചൈൽഡ് ലൈൻ ഓപ്പൺ ഹൗസ്

കോട്ടയം മുനിസിപ്പാലിറ്റി 1–ാം വാർഡിൽ ഉൾപ്പെടുന്ന മുടിയൂർക്കര, പ്രദേശത്ത് കോട്ടയം ചൈൽഡ് ലൈൻ ഓപ്പൺ ഹൗസ് സംഘടിപ്പിച്ചു. കോട്ടയം ഡിവിഷൻ അസി. എക്സൈസ് ഓഫീസർ അശോക് കുമാർ സിവിൽ ഓഫീസർമാരായ സി.എച്ച്. നെജീബ്, സജി. റ്റി.കെ എന്നിവർ പങ്കെടുത്തു. പ്രദേശത്ത് കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ തുറന്ന ചർച്ചയിലൂടെ കണ്ടെത്തുകയും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. കുട്ടികൾ, മാതാപിതാക്കൾ എന്നിവരുൾപ്പെടെ 52 പേർ പങ്കെടുത്തു. കോട്ടയം ചൈൽഡ് ലൈൻ അംഗങ്ങളായ ആരതി സെബാസ്റ്റ്യൻ, റോണി എലിസബേത്ത് ജോണി, രജ്ഞിത് ടോം, ഷിൻജു ഷാജി എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.



### സെപ്റ്റംബർ മാസത്തിലെ ചില പ്രധാന പരിപാടികൾ

11. 2017–18 സി.ബി.ആർ. ഗുണഭോക്തൃസംഗമം – അമലനിലയം
25 – കുടിൽരഹിത രൂപതാപദ്ധതി ഗുണഭോക്താക്കൾക്കായി കുടുംബസമീക്ഷ (Family Budget) – പൊടിമറ്റം
27– ആനിമേറ്റർമാരുടെ മേഖലായോഗം – പട്ടിത്താനം, മുണ്ടക്കയം
28– ആനിമേറ്റർമാരുടെ മേഖലാ യോഗം – കോട്ടയം, തിരുവല്ല.

# ബോധവത്ക്കരണ സെമിനാർ



കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന കുട്ടികളുടെ വിവിധ ഗ്രൂപ്പുകൾക്കായി കുട്ടികളുടെ അവകാശങ്ങൾ, കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ എന്നീ വിഷയങ്ങളിൽ കോട്ടയം ചൈൽഡ് ലൈൻ കോ- ഓർഡിനേറ്റർ ജോമോൻ പി.എൽ ക്ലാസ് നയിച്ചു. കൈപ്പുഴ സെന്റ് ജോർജ്ജ് ഹാളിൽ നടന്ന സെമിനാറിൽ 60 കുട്ടികൾ പങ്കെടുത്തു.

# വീ –ഷെയർ സന്ദർശനം



ഫാ.ഫെലിക്സ് ദേവസ്യയ്ക്കൊപ്പം വെർജിനി-ഒലിവ ദമ്പതികൾ

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രധാന കുടുംബ ക്ഷേമ പദ്ധതികളിലൊന്നായ വീ- ഷെയർ (We- Share) പദ്ധതിയുടെ ഫ്രാൻസിൽ നിന്നുള്ള ഉപകാരികളിൽ ഉൾപ്പെട്ട വെർജിനി- ഒലിവ ദമ്പതികൾ സോഷ്യൽ സർവ്വീസ് സൊസൈറ്റി അസി. ഡയറക്ടർ ഫാ. ഫെലിക്സ് ദേവസ്യ പുറത്തേപ്പറമ്പിൽ വി.ഷെയർ പ്രോഗ്രാം കോ- ഓർഡിനേറ്റർ സിസ്റ്റർ സൂസൻ എന്നിവർക്കൊപ്പം അമയന്നൂരിൽ ബാലവേദി അംഗങ്ങളെ സന്ദർശിച്ചു. ഫാ. ജോർജ് ചക്കുങ്കലിന്റെ നേതൃത്വത്തിൽ അതിഥികളെ സ്വീകരിച്ചു. കുട്ടികളുടെ കലാപരിപാടികൾ ആസ്വദിച്ച വെർജിനിയും, ഒലിവയും അവരോടൊപ്പം സ്നേഹവിരുന്നിലും പങ്കെടുത്തു.



# അഭിവന്ദ്യ പിതാവിന്റെ
## സെപ്റ്റംബർ മാസ പരിപാടികൾ

| | | | | |
|---|---|---|---|---|
| 08 | വെള്ളി | 10.00 am | - | തിരുനാൾ ദിവ്യബലി, പട്ടുമല മാതാ തീർത്ഥാടന കേന്ദ്രം |
| 09 | ശനി | 6.30 am | - | അഭിവന്ദ്യ പീറ്റർ തുരുത്തിക്കോണം പിതാവിന്റെ ആറാം ചരമവാർഷികം, ദിവ്യബലി, വിമലഗിരി കത്തീഡ്രൽ, കോട്ടയം |
| | | 10.00 am | - | പാസ്റ്ററൽ കൗൺസിൽ മീറ്റിംഗ്, വിമലഗിരി പാസ്റ്ററൽ സെന്റർ, കോട്ടയം |
| 15 | വെള്ളി | | - | PPD |
| 20 - 21 | | | - | വൈദികരുടെ ത്രൈമാസ സമ്മേളനം, വിമലഗിരി പാസ്റ്ററൽ സെന്റർ , കോട്ടയം |
| 21 | വ്യാഴം | 2.00 pm | - | വി.എസ്.എസ്.എസ്. ജനറൽ ബോഡി മീറ്റിംഗ്, അമല നിലയം, കോട്ടയം |
| 22 | വെള്ളി | | - | PPD |
| 27 | ബുധൻ | 11.00 am | - | വിവാഹാശീർവ്വാദം, അസംപ്ഷൻ ചർച്ച്, വണ്ടിപെരിയാർ |
| 28 | വ്യാഴം | 10.00 am | - | വാർഷിക കൺവെൻഷൻ, ദിവ്യബലി, കാരിസ്ഭവൻ, അതിരമ്പുഴ |
| 29 | വെള്ളി | | - | PPD |



### തിരുനാൾ മംഗളങ്ങൾ

**പരി. കന്യകയുടെ ജനനത്തിരുനാൾ**

സെപ്റ്റംബർ 08


SOUTH INDIAN Bank
Experience Next Generation Banking
SIB YOUTH PLUS Savings Account
"There is no better time to experiment
with the good things that come to your life…."
Experience the Next Generation Savings
Account for YOUTHS


Need a vehicle?
Vehicle loans
from CSB
We realize that India's growing population and economy requires better means of transport. Be it Companies, Firms, Educational Institutions, Hospitals or Individuals, we help finance your purchase. Our loans are hassle free and the interest rates competitive. We help when you need it the most.
Loans available for individuals and organizations
Loans available for purchase of new and used vehicles
Special scheme for HNI's
Equated Monthly Installments (EMI)
Call: 1800 266 9090
www.csb.co.in
CSB... Support all the way
Catholic Syrian Bank
CSB

SEPTEMBER 2017
Vol. 10 • Issue 9
Published on
1st September 2017

**vijayapuradhuthu**
(MONTHLY)
Annual Subscription ₹ 60.00

Registered No. KL/KTM/117/2017-19
LIC. No. KL/CR/KTM/WPP-09/2017-19
Licensed to Post without prepayment
RNI Registration No. KERMAL/2008/24745

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA




Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at Good Shepherd Press, Kottayam, Kerala. # 0481-2569180